"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കേരള സാമൂഹ്യ സുരക്ഷാ മിഷന് (KSSM) തദ്ദേശ ഭരണസ്ഥാപനങ്ങളിൽ നിന്നും സംഭാവന നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1571/2023/LSGD തീയതി,തിരുവനന്തപുരം, 03-08-2023

---

പരാമർശം:-

1. 06.05.2013 തീയതിയിലെ 1209/2013/തസ്വഭവ ഉത്തരവ്.
2. 09.03.2022 ലെ 559/2022/തസ്വഭവ ഉത്തരവ്.
3. 21.10.2022 തീയതിയിലെ 2561/2022 /തസ്വഭവ ഉത്തരവ്
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ - ഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023 തീയതിയിലെ തീരുമാനം നമ്പർ 4.17.

**ഉത്തരവ്**

കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ (KSSM) " we care" പദ്ധതിക്കായി തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന നൽകുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം യഥേഷ്ടാനുമതി നൽകി ഉത്തരവായിരുന്നു. പരാമർശം (2) ഉത്തരവ് പ്രകാരം നിശ്ചയിച്ചിരുന്ന വ്യവസ്ഥകൾ ഒഴിവാക്കിക്കൊണ്ട് പരാമർശം (1) ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള നിരക്കിൽ സംഭാവന നല്കാവുന്നതാണെന്ന പരാമർശം(3) പ്രകാരം ഉത്തരവായിരുന്നു.

ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 16.08.2022 ൽ കൂടിയ വി കെയർ / റെയർ ഡിസീസ് അവലോകന യോഗത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വി കെയർ പദ്ധതിക്ക് നൽകി വന്നിരുന്ന ധനസഹായം പുനഃസ്ഥാപിക്കണമെന്ന തീരുമാനിച്ചതായും ഈ തീരുമാനം നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പിനെ ചുമതലപ്പെടുത്തിയതായും KSSM എക്സിക്യൂട്ടീവ് ഡയറക്ടർ 25.02.2023 ലെ കത്തുമുഖേന അറിയിച്ചിട്ടുണ്ട്.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ - ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (4) തീരുമാന പ്രകാരം പരാമർശം (1) ലെ ഉത്തരവ് പ്രകാരമുള്ള തുക തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും KSSM ന് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SNEHALATHA K

ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി.

ചെയർമാൻ,സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

ഡയറക്ടർ ജനറൽ ,കില

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷന്

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
K Renuka
Date: 03-08-2023 15:38:50

പകർപ്പ് : ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്.